— 7 —

# ദൈവത്തിന്റെ കെട്ടിടം

"അവനിൽ കെട്ടിടം മുഴുവനും യുക്തമായി ചേർന്നു കർത്താവിൽ വിശുദ്ധമന്ദിരമായി വളരുന്നു. അവനിൽ നിങ്ങളേയും ദൈവത്തിന്റെ നിവാസം ആകേണ്ടതിനു ആത്മാവിനാൽ ഒന്നിച്ചു പണിതുവരുന്നു" (എഫെസ്യർ 2:21, 22).

പഴയനിയമകാലത്തിലെ കെട്ടിട സമുച്ചയങ്ങളിൽ പ്രമുഖമായിരുന്നതു ശലോമോന്റെ നിർമ്മാണത്തിൽ ഉൾപ്പെട്ട യെരുശലേം ദൈവാലയമായിരുന്നു. "ദൈവത്തിനു ഒരു ആലയം" പണിയണമെന്ന ആശയം ആദ്യം പ്രകടമാക്കിയതു ദാവീദായിരുന്നു, ദാവീദ് യുദ്ധമനുഷ്യൻ ആയിരുന്നതുകൊണ്ട് അവനല്ല, അവന്റെ പുത്രനായ ശലോമോനാണ് ആ നേട്ടം ഉണ്ടാവുക എന്നു നാഥാൻ മുഖാന്തരം അവനോടു അരുളിചെയ്തു (2 ശമുവേൽ 7:5; 1 ദിനവൃത്താന്തം 28:3) എന്നിട്ടും, ദാവീദ് മരിക്കുന്നതിനു മുൻപു ദൈവാലയ നിർമ്മാണത്തിനുള്ള സാമഗ്രികൾ ശേഖരിക്കുവാൻ അവനു കഴിഞ്ഞു.

മനുഷ്യന്റെ പ്രഗത്ഭമായ കരവിരുതും വില കൂടിയ സാധനങ്ങളും ഉപയോഗിച്ചു ഏറ്റവും മനോഹരമായാണ് ശലോമോന്റെ നേതൃത്വത്തിൽ ദേവാലയം പണിതത്. അതു കല്ലുകൊണ്ടാണ് പണിതതെങ്കിലും കേദാർ തടികൊണ്ടു പാനൽ ചെയ്തു അതിനെ തങ്കം കൊണ്ടു പൊതിഞ്ഞിരുന്നു. സമാഗമന കൂടാരത്തിന്റെ രണ്ടിരട്ടി വലുപ്പം അതിനുണ്ടായിരുന്നു (1 രാജാക്കന്മാർ 5:1–9:9; 2 ദിനവൃത്താന്തം 2–7). അതിന്റെ പണി പൂർത്തിയാക്കുവാൻ ഏഴ് - അര വർഷമെടുത്തു. മോറിയാ മലയിൽ, ഒരു പക്ഷെ അബ്രഹാം ഇസഹാക്കിനെ യാഗം കഴിപ്പാൻ കൊണ്ട് പോയ സ്ഥലത്ത് ആയിരിക്കാം.

ദൈവാലയ പണിയിൽ പതിനായിരം[1] ഇസ്രായേല്യർ പങ്കെടുത്തിരുന്നു (1 ദിനവൃത്താന്തങ്ങൾ 5:13, 14), 150,000 ഇസ്രായേല്യർ - അല്ലാത്തവരും ഉൾപ്പെട്ടിരുന്നു (1 രാജാക്കന്മാർ 5:15; 2 ദിനവൃത്താന്തം 8:7–10). ഇസ്രായേല്യർ - അല്ലാത്തവർ യുദ്ധത്തിൽ പിടിച്ചവരും, കടത്താൽ വില്ക്കപ്പെട്ടവരും, അല്ലെങ്കിൽ വീട്ടിൽ ജനിച്ച അടിമകളും ആയിരുന്നു. അവരെ രണ്ടു സംഘമായി വേർതിരിച്ചു - എഴുപതിനായിരം പേർ ഭാരം ചുമക്കുന്നവരും എൺപതിനായിരം പേർ പാറയിൽ ജോലി ചെയ്യു

ന്നവരുമായിരുന്നു. ഈ ജോലികളുടെ എല്ലാം മേൽനോട്ടം വഹിക്കുന്നവരുടെ എണ്ണം 3,850 ആയിരുന്നു.[2] മറ്റൊരു വിധത്തിൽ പറഞ്ഞാൽ 163,850 പേർ തുടർച്ചയായി ദൈവാലയ പണിയിൽ ഏർപ്പെട്ടിരുന്നു. അസംഖ്യം തൊഴിലാളികളും മേൽനോട്ടം വഹിക്കുന്ന അനവധി പേരും സൂചിപ്പിക്കുന്നത് ഒരു ബൃഹത്തായ കെട്ടിടം പണിയാണ്.

തിരുവെഴുത്തിൽ മനോഹരമായ പ്രാർത്ഥനകളിൽ ഒന്നായ ദൈവാലയ പ്രതിഷ്ഠയിൽ ശലോമോൻ അർപ്പിച്ച പ്രാർത്ഥന (2 ദിനവൃത്താന്തം 6:3-42). പ്രാർത്ഥനയുടെ അവസാനം അവൻ, 22,000 കാളകളെയും 120,000 ആടുകളെയും യഹോവയ്ക്കു യാഗമായി അർപ്പിച്ചു (1 രാജാക്കന്മാർ 8:62, 63; 2 ദിനവൃത്താന്തം 7:4, 5). ദിനവൃത്താന്തക്കാരൻ പറഞ്ഞു, "ശാലോമോൻ പ്രാർത്ഥിച്ചു കഴിഞ്ഞപ്പോൾ ആകാശത്തു നിന്നു തീ ഇറങ്ങി ഹോമയാഗവും ഹനനയാഗവും ദഹിപ്പിച്ചു; യഹോവയുടെ തേജസ്സും ആലയത്തിൽ നിറഞ്ഞു. യഹോവയുടെ തേജസ്സ് യഹോവയുടെ ആലയത്തിൽ നിറഞ്ഞിരിക്കകൊണ്ടു പുരോഹിതന്മാർക്കു യഹോവയുടെ ആലയത്തിൽ കടപ്പാൻ കഴിഞ്ഞില്ല" (2 ദിനവൃത്താന്തം 7:1, 2).

ബി.സി. 586-ൽ നെബൂഖദ്നേസ്സർ നശിപ്പിക്കുന്നതു വരെ ദൈവാലയം യഹോവയുടെ മനോഹരമായ ആലയമായി നിലനിന്നിരുന്നു.

ദൈവം നിർമ്മിച്ചതിൽ വെച്ചു ഏറ്റവും വലിയ കെട്ടിടമായിരുന്നു പഴയ നിയമ ദേവാലയം എന്നു ഒരാൾ പെട്ടെന്നു ചിന്തിച്ചു പോകും, എന്നാൽ അതല്ല വാസ്തവം: ദൈവം യേശു മുഖാന്തരം പണിതതാണ് ഏറ്റവും വലിയ ആലയം. പുതിയ നിയമ എഴുത്തുകാർ അതിനെ "സഭ" എന്നു വിളിച്ചിരിക്കുന്നു, ലോക ചരിത്രത്തിലെ തന്നെ പ്രത്യേകതയുള ളതും മഹത്തായതുമായ ഒന്നായിരുന്നു സഭയുടെ പണി.

ക്രിസ്ത്യാനിയാകുക എന്നതും ക്രിസ്തുവിനു പുറത്തായിരിക്കുക എന്നതും തമ്മിലുളള വ്യത്യാസത്തെ പൗലൊസ് മറ്റു പുതിയ നിയമ ഭാഗങ്ങളേക്കാൾ മൂർച്ചയുള്ളതായി എഫെസ്യർ 2-ൽ പറയുന്നുണ്ട്. "മുൻ - പും പിൻ - പും" എന്ന ചിത്രത്തിലൂടെ പൗലൊസ് ആ വ്യത്യാസം വ്യക്തമാക്കുന്നു. ഉദാഹരണമായി, ഒരാൾ ക്രിസ്ത്യാനിയാകുന്നതിനു മുൻപു, പൗലൊസ് പറഞ്ഞു, അവൻ മരിച്ചവൻ ആയിരുന്നു, ലോകത്തിന്റെ ശാപം അനുസരിച്ചു നടന്നു, പിശാചിന്റെ അധികാരത്തിൽ, അനുസരണക്കേടിന്റെ മക്കളായിരുന്നു (എഫെസ്യർ 2:1-3). അയാൾ ക്രിസ്ത്യാനി ആയിത്തീർന്ന ശേഷം, പൗലൊസ് പറഞ്ഞു, അവൻ ക്ഷമിക്കപ്പെട്ടു, ക്രിസ്തുവിലാവുകയും കൃപയാൽ രക്ഷിക്കപ്പെടുകയും ചെയ്യുന്നു (എഫെസ്യർ 2:4-10). യെഹൂദന്മാരായാലും, ജാതികളായാലും, ക്രിസ്തുവിൽ നാം ഒന്നായിത്തീരുന്നു എന്നു പറഞ്ഞാണ് പൗലൊസ് ആ വ്യത്യാസത്തെ അവസാനിപ്പിക്കുന്നത്. അങ്ങനെ ചെയ്തുകൊണ്ടു, പൗലൊസ് സഭയെ മൂന്നു വാക്കുകളാൽ സൂചിപ്പിക്കുന്നു: ഒരു നഗരം ആയി (2:19), ഭവനമായി (2:19), ഒരു കെട്ടിടമായും പറയുന്നു (2:20, 21). സഭ ദൈവത്തിന്റെ കെട്ടിടം ആയി വിവരിച്ചിരിക്കുന്നതു പരിശുദ്ധാത്മാവു സഭയ്ക്കു നല്കിയ മനോഹര വിവരണമാണ്.

"ആകയാൽ നിങ്ങൾ ഇനി അന്യന്മാരും പരദേശികളും അല്ല. വിശുദ്ധന്മാരുടെ സഹപൗരന്മാരും ദൈവത്തിന്റെ ഭവനക്കാരുമത്രേ. ക്രിസ്തുയേശു തന്നേ മൂലക്കല്ലായിരിക്കെ നിങ്ങളെ അപ്പൊസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേൽ *പണിതിരിക്കുന്നു.* അവനിൽ കെട്ടിടം മുഴുവൻ വ്യക്തമായി ചേർന്നു കർത്താവിൽ വിശുദ്ധ മന്ദിരമായി വളരുന്നു. അവനിൽ നിങ്ങളേയും ദൈവത്തിന്റെ നിവാസമാകേണ്ടതിനു ആത്മാവിനാൽ ഒന്നിച്ചു പണിതുവരുന്നു" (എഫെസ്യർ 2:19-22).

ചിത്രത്തിലൂടെ, ആലങ്കാരിക ഭാഷയിലൂടെ, പരിശുദ്ധാത്മാവു സഭയെ ദൈവത്തിന്റെ കെട്ടിടം എന്നു വിളിച്ചിരിക്കുന്നു. ഈ രൂപത്തിൽ സഭയെ നോക്കി, അതിന്റെ പ്രത്യേക സ്വഭാവത്തെ ഓർമ്മിക്കുകയാണിവിടെ.

### ഒരു "മാനുഷിക" കെട്ടിടം

പഴയ നിയമ ആലയത്തിൽ നിന്നു വ്യത്യസ്തമായി, ദൈവത്തിന്റെ പുതിയ നിയമ കെട്ടിടം ആളുകളാൽ രൂപീകൃതമായവയാണ്. ഈ കെട്ടിടത്തിനു നല്കിയിരിക്കുന്ന സാമഗ്രികൾ ക്രിസ്ത്യാനികളാണ്.

ക്രിസ്ത്യാനികളായിത്തീർന്ന ജാതികൾ പിന്നീട് അന്യന്മാരും പരദേശികളും ആയിരുന്നില്ല, യേശുക്രിസ്തു മൂലക്കല്ലായും അപ്പൊസ്തലന്മാരും പ്രവാചകന്മാരും അടിസ്ഥാനമായി പണിത ദൈവഭവനത്തിലെ വിശുദ്ധന്മാരും സഹപൗരന്മാരുമത്രേ എന്നാണ് പൗലൊസ് പറഞ്ഞത്. അവൻ പറഞ്ഞു, യെഹൂദന്മാരായാലും ജാതികളായാലും അവർ ഒരുമിച്ചു ദൈവഭവനമായി പണിയപ്പെടുന്നു എന്നാണ്. പത്രൊസും ഇതേ അർത്ഥത്തിൽ 1 പത്രൊസ് 2:5-ൽ പറയുന്നതു: "നിങ്ങളും ജീവനുള്ള കല്ലുകൾ എന്ന പോലെ ആത്മിക ഗൃഹമായി ആത്മിക യാഗം കഴിപ്പാന്തക്ക വിശുദ്ധ പുരരോഹിത വർഗ്ഗമാകേണ്ടതിനു പണിയപ്പെടുന്നു, …"

സഭ എന്നതു ഒരു കെട്ടിടം ആകുന്നു, ക്രിസ്ത്യാനികളായ ആളുകളെകൊണ്ടുള്ള ആത്മിക കെട്ടിടം ആണ്. ഓരോ ക്രിസ്ത്യാനിയും അതിൽ ആത്മിയ കല്ലുകളായി പണിയപ്പെടുന്നു. എല്ലാ ക്രിസ്ത്യാനികളും ജീവിക്കുന്ന കല്ലുകളായി, അദൃശ്യമായി ദൈവാത്മാവിനാൽ ശക്തമായ അതിഥിയായി ചേരുന്നു. അതു ആലങ്കാരികമായി ഒരു കെട്ടിടം പണിയുന്നതുപോലെയാണ്.

നൂറുകണക്കിനു വ്യാപിച്ചുകിടക്കുന്ന ചെറിയ ചെറിയ സംഘടനകൾ ചേർത്തുള്ള ഒരു വലിയ കെട്ടിടമല്ല പൗലൊസ് ചിത്രീകരിച്ചത്. ലോകത്തിലുള്ള എല്ലാ നാമധേയവിഭാഗങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള സാർവലൗകികമായ സഭയെയല്ല പുതിയനിയമം വിഭാവനം ചെയ്യുന്നത്. മറിച്ച്, അതു വിവരിക്കുന്നതു ക്രിസ്തുവിന്റെ സഭയായ ഓരോ ഇടവകയും, തന്നിൽ തന്നെ തികവുള്ളതും പ്രാദേശികമായി സാർവദേശിയ സഭയുടെ പ്രദർശനവുമാണ്.[3] ലോകത്തുള്ള എല്ലാ സത്യക്രിസ്ത്യാനികളും ഉൾപ്പെടുന്നതാണ്

സാർവ്വദേശിയ സഭ, ഈ ആത്മീയ ഘടനയായ സഭയിൽ, ഓരോരുത്തരും ജീവിക്കുന്ന കല്ലുകളായി സേവിക്കുന്നു.

നാം ഒരിക്കലും സഭയെ ഭൗതിക കെട്ടിടമായോ അല്ലെങ്കിൽ ആരാധനാ സ്ഥലമായോ തെറ്റിദ്ധരിക്കരുത്. സഭാ കെട്ടിടങ്ങളെക്കുറിച്ചു പുതിയ നിയമത്തിൽ ഒരൊറ്റ വാചകം പോലും ഇല്ല. ക്രിസ്ത്യാനികളോടു നിരന്തരമായി ആരാധിക്കുന്നതിനു കൂടി വരണമെന്നു കല്പിച്ചിട്ടുണ്ട് (എബ്രായർ 10:25), ഈ കല്പനയിൽ കൂടി വരുവാൻ സ്ഥലം ആവശ്യമാണെന്നു സൂചിപ്പിക്കുന്നു; എന്നാൽ, സ്ഥലം എന്നതിൽ മറ്റുള്ളവയും ആകാം, വീടാകാം, തുറന്ന സ്ഥലം ആകാം, ആ ഉദ്ദേശത്തിനു മാത്രമുള്ള കെട്ടിടമോ ആകാം. അതു ഓരോ പ്രദേശത്തുള്ള ക്രിസ്ത്യാനികളുടെ അഭിപ്രായത്തിനും തീരുമാനത്തിനും വിട്ടിരിക്കുന്നു. അവർക്കു നിരന്തരമായി ആരാധനയ്ക്കു കൂടി വരുവാൻ ഒരു പൊതുവായ കെട്ടിടമോ, തുറസായ സ്ഥലമോ, അല്ലെങ്കിൽ ഒരു വീടോ തിരഞ്ഞെടുക്കാം. നാം ഓർമ്മിക്കേണ്ടതു, ദൈവത്തിന്റെ കെട്ടിടമായ സഭ, ഒരു പ്രദേശത്തുള്ള ക്രിസ്ത്യാനികളാണ്, അല്ലാതെ ആരാധനയ്ക്കു കൂടി വരുന്ന സ്ഥലമല്ല.

പൗലൊസ് പറഞ്ഞതനുസരിച്ചു, ക്രിസ്ത്യാനികൾ തങ്ങളെ കാണേണ്ടതു ദൈവത്തിന്റെ മന്ദിരമായിട്ടാണ്, ഓരോ ക്രിസ്ത്യാനിയും ആ മന്ദിരത്തിലെ സുപ്രധാന ഭാഗവുമാണ്. ഒരു ക്രിസ്ത്യാനി നടന്നു പോകുമ്പോൾ അയാളെ കാണുന്നവർ പറയണം, “അതാ, ദൈവത്തിന്റെ കെട്ടിടമായ സഭയിലെ, ജീവിക്കുന്ന ഒരു കല്ലു പോകുന്നു.”

ക്രിസ്ത്യാനികൾ ആരാധിക്കുന്ന സ്ഥലത്തെ നോക്കിയല്ല, ലോകം ക്രിസ്ത്യാനികളെ നോക്കിയാണ് ദൈവത്തിന്റെ സഭയെ വിലയിരുത്തേണ്ടത്. ക്രിസ്തുവിന്റെ സഭയിലെ സ്ഥാനം അനുസരിച്ചു, ദൈവത്തിന്റെ കെട്ടിടമായി നാം ജീവിക്കുന്നുവോ എന്നു നമുക്കു ഉറപ്പാക്കാം.

### “ജീവിക്കുന്ന” ഒരു കെട്ടിടം

ഒരു “മനുഷ്യ” കെട്ടിടമാണ് സഭ എന്നതു പോലെ അതു “ജീവിക്കുന്ന” കെട്ടിടം കൂടെയാണ്. ശലോമോന്റെ കാലത്തെ ദൈവാലയ പണിക്കു നിർജീവ വസ്തുക്കളായ, കേദാർ, സ്വർണ്ണം, വെള്ളി, ആനക്കൊമ്പ് എന്നിവയാണ് ഉപയോഗിച്ചത്, എന്നാൽ ദൈവത്തിന്റെ കെട്ടിടം പണിയുന്നതു ജീവനുള്ള കല്ലുകളാലാണ്.

സഭയെ ഒരു സ്ഥാപനമായി പൗലൊസ് ഒരിക്കലും പറഞ്ഞിട്ടില്ല. ഉദാഹരണമായി, അവൻ സൂചിപ്പിച്ചത്, സഭ ഒരു സംഘടനയായിട്ടാണ്, ക്രിസ്ത്യാനികളെക്കൊണ്ടു നിറയ്ക്കുന്ന ഒരു ആത്മീയ കെട്ടിടം ആയി അതായത് ജീവിക്കുകയും വളരുകയും ചെയ്യുന്ന - വിശാലമായ ഒന്നായിട്ട് ആണ്. അല്ലാതെ പൊതുവായ ഉദ്ദേശത്തിനു ഒത്തുചേരുന്ന ഒരു കൂട്ടം ആളുകളായിട്ടല്ല.

മുകൾഭാഗം ഇല്ലാത്ത ഒരു കെട്ടിടം ആണ് പൗലോസ് എഴുതിയത്. അതിനു അടിസ്ഥാനവും മതിലുകളും ഉണ്ട്, എന്നാൽ മേൽക്കൂരയില്ല. യേശുക്രിസ്തു മൂലക്കല്ലായും അപ്പൊസ്തലന്മാരും പ്രവാചകന്മാരും അടിസ്ഥാനമായും ക്രിസ്ത്യാനികൾ അതിന്റെ ചുമരുകളുമാണ്. എല്ലാ

വരും യോജിച്ചു കെട്ടിടം പണിയുന്നു. പരിവർത്തനം ചെയ്യപ്പെടുന്ന ആളുകൾ കെട്ടിടത്തിന്റെ മതിലുകളോടു ചേർക്കപ്പെടുന്നു; ഇതു വാസ്തവമായതുകൊണ്ടു ഓരോ സമയത്തും ക്രിസ്ത്യാനികൾ ചേർക്കപ്പെടുന്നതു കൊണ്ടു കെട്ടിടം ഉയർന്നു കൊണ്ടിരിക്കും. എഫെസ്യർ 2:21 ൽ ഉപയോഗിച്ച "വളരുന്നു" എന്ന വാക്ക് പുതിയ നിയമത്തിൽ ഒരു പ്രാവശ്യമേയുള്ളു. ശരീരത്തിന്റെ മൊത്തം വളർച്ചയ്ക്കു യുക്തമായി ഓരോരുത്തരും ചേർന്നു ജീവിക്കുന്നതായി എഫെസ്യർ 4:16 സൂചിപ്പിക്കുന്നു.

പ്രവൃത്തികൾ 2–ൽ ലൂക്കൊസ് സഭയെക്കുറിച്ചു പറയുന്നു: "അവന്റെ വാക്ക് കൈക്കൊണ്ടവർ സ്നാനം ഏറ്റു; അന്നു മൂവായിരത്തോളം പേർ അവരോടു ചേർന്നു" (വാക്യം 41). രണ്ടു അദ്ധ്യായങ്ങൾക്കു ശേഷം അവൻ പറഞ്ഞു, "എന്നാൽ വചനം കേട്ടവരിൽ പലരും വിശ്വസിച്ചു; പുരുഷന്മാരുടെ എണ്ണം തന്നെ അയ്യായിരത്തോളം ആയി" (പ്രവൃത്തികൾ 4:4). ചുരുങ്ങിയ കാലയളവിനുള്ളിൽ, ദൈവത്തിന്റെ കെട്ടിടം മൂവായിരം ജീവനുള്ള കല്ലുകളിൽ നിന്നു അയ്യായിരത്തോളം ജീവനുള്ള കല്ലുകളായി ഉയർന്നു. ആ സമയം മുതൽ, വർഷങ്ങളുടെ പ്രവർത്തനഫലമായി ദൈവത്തിന്റെ കെട്ടിടം വളരുവാൻ തുടങ്ങി. കഴിഞ്ഞ വർഷത്തേക്കാൾ അതു ഈ വർഷം വളർന്നു. യേശു മടങ്ങി വരുന്നതുവരെ അതു വളർന്നുകൊണ്ടിരിക്കും.

ക്രിസ്ത്യാനികളെ "ജീവനുള്ള കല്ലുകളായി" പത്രൊസ് സൂചിപ്പിച്ചു (1 പത്രൊസ് 2:5); പൗലൊസ് അവരെ "ജീവനുള്ള യാഗങ്ങൾ" എന്നു പറഞ്ഞിരിക്കുന്നു (റോമർ 12:1). ഉറപ്പായും, ഈ ദൈവത്തിന്റെ കെട്ടിടത്തിൽ എല്ലാം ജീവിക്കുന്നവയാണ്. പിതാവായ ദൈവത്തെ, തിരുവെഴുത്തിൽ, "ജീവനുള്ള ദൈവം" എന്നു പറഞ്ഞിരിക്കുന്നു (1 തെസ്സലൊനിക്യർ 1:9). ബൈബിൾ "ജീവിക്കയും പ്രവർത്തിക്കയും" ചെയ്യുന്നു (എബ്രായർ 4:12). പത്രൊസ് പറഞ്ഞതനുസരിച്ചു, യേശു, "ജീവനുള്ള കല്ലാണ്" (1 പത്രൊസ് 2:4). ക്രിസ്ത്യാനികളുടെ പ്രത്യാശ വാസ്തവവും, ആധികാരികവും ആണ്, തൽഫലമായി അതു "ജീവനുള്ള പ്രത്യാശ" യാണ് (1 പത്രൊസ് 1:3). ക്രിസ്തുവിനോടുള്ള അനുസരണം വഴിയായി ക്രിസ്ത്യാനികൾ പ്രവേശിച്ചിരിക്കുന്നത് "ജീവനുള്ള പുതുവഴിയിലാണ് (എബ്രായർ 10:20). യേശു, നിത്യക്രിസ്തുവായി, നമ്മുടെ മദ്ധ്യസ്ഥൻ, സ്വർഗ്ഗത്തിൽ "എല്ലായ്പ്പോഴും ജീവിച്ചു" നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു (എബ്രായർ 7:25). മരണത്തിനു പോലും ക്രിസ്തുവിലുള്ള നമ്മുടെ ജീവൻ എടുത്തു കളയുവാൻ സാധ്യമല്ല എന്നു വാഗ്ദാനം ചെയ്തിരിക്കുന്നു, കാരണം നാം അവനിൽ വിശ്വസിക്കുന്നു എങ്കിൽ മരിച്ചാലും ജീവിക്കും (യോഹന്നാൻ 11:26).

ഒരു ക്രിസ്ത്യാനി ഒരു സംഘടനയുടെ ഭാഗമല്ല. അവൻ ജീവിക്കുന്ന, വളരുന്ന, ആത്മിയ കെട്ടിടത്തിലെ ജീവിക്കുന്ന കല്ലാണ്. ദൈവത്തിന്റെ കെട്ടിടം മനോഹരമായി വളരുവാൻ ഓരോരുത്തരും ദിവസവും താന്താന്റെ സംഭാവന ചെയ്യണം. ഒരിക്കലും വളർച്ച നില്ക്കാത്ത രീതിയിൽ നാം മറ്റു ക്രിസ്ത്യാനികളുമായി ചേർന്നു പ്രവർത്തിക്കണം.

നാം ഒരാത്മാവിനെ ക്രിസ്തുവിലേക്കു നയിക്കുമ്പോൾ, നാം ദൈവത്തിന്റെ കെട്ടിടത്തിൽ ഒരു ജീവിക്കുന്ന ഇഷ്ടിക കൂടെ ചേർക്കുകയാണ്. അതുപോലെ, മറ്റൊരു ക്രിസ്ത്യാനിയെ ഏതെങ്കിലും വിധത്തിൽ നശിപ്പിക്കുകയാണെങ്കിൽ, ദൈവത്തിന്റെ കെട്ടിടത്തിൽ നിന്നും നാം ഓരോരുത്തരെ നീക്കുകയാണ്, ഓരോരുത്തരുമായി ചേർന്നു നാം ജീവിക്കയും ഒത്തു ചേർന്നു ദൈവത്തിനായി ഒരു കെട്ടിടമായിത്തീരുകയും വേണം.

### ഒരു "ആത്മാവ് - വസിക്കുന്ന" കെട്ടിടം

വീടുകൾ നിർമ്മിക്കുന്നതു നിലനില്ക്കേണ്ടതിനാണ്, ദൈവത്തിന്റെ കെട്ടിടവും അതിൽ നിന്നു വിഭിന്നമല്ല. അവന്റെ ആത്മാവു വസിക്കുന്നതാണ് അവന്റെ ആത്മിയ ഭവനം.

പൗലൊസ് പറഞ്ഞു, "... അവനിൽ കെട്ടിടം മുഴുവനും, യുക്തമായി ചേർന്നു കർത്താവിൽ വിശുദ്ധ മന്ദിരമായി വളരുന്നു. അവനിൽ നിങ്ങളെയും ദൈവത്തിന്റെ നിവാസമാകേണ്ടതിനു ആത്മാവിനാൽ ഒന്നിച്ചു പണിതു വരുന്നു" (എഫെസ്യർ 2:21, 22). പൗലൊസ് കൊരിന്ത്യരോടും പറഞ്ഞു, "നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ?" (1 കൊരിന്ത്യർ 3:16).

ദൈവത്തിനു സ്വർഗ്ഗത്തിൽ ഉള്ളതുപോലെ ഭൂമിയിലും വാസസ്ഥലമുണ്ട്. അവന്റെ ഭൂമിയിലെ വാസസ്ഥലം സഭയാകുന്നു. അവൻ ആത്മാവിനാൽ തന്റെ ആത്മിയ ഭവനത്തിൽ വന്നു വസിക്കുന്നു. ഭൂമിയിൽ ദൈവത്തിന്റെ ദൃശ്യമായ ഭാഗമാണ് സഭ; ദൈവം അവന്റെ കെട്ടിടം ആയ സഭയിലും സഭ മുഖാന്തരവുമാണ് പ്രവർത്തിക്കുന്നത്.

അർക്കൻസാസിലെ സ്പ്രിങ് ഡെയിലിൽ നിന്നു, ആറ–ര മൈൽ ദൂരെയുള്ള സോണാര സമൂഹത്തിലെ ഒരു കൃഷിയിടത്തിലാണ് ഞാൻ വളർന്നത്. ഞങ്ങളുടെ വീടിനു എതിർവശത്തു ഒരു അരുവിയും വയലുമുണ്ട്, ഞാൻ വളർന്നപ്പോൾ അവിടെ ഒരു പഴയ വീട് മിക്കവാറും ആളില്ലാതെ കിടന്നിരുന്നു. ആ വീട്ടിൽ താമസിച്ചിരുന്നതു പ്രായമായ ദമ്പതികളായിരുന്നു, അവരിൽ ഒരാൾ വീൽ ചെയറിലുമാണ് കാണപ്പെട്ടത്. ആ ദമ്പതികളെക്കുറിച്ചു അധികമൊന്നും എനിക്ക് അറിഞ്ഞുകൂടായിരുന്നു, കാരണം അവർ ആ പഴയ വീട്ടിൽ താമസിച്ചിരുന്നപ്പോൾ ഞാൻ ബാലനായിരുന്നു. ആ ദമ്പതികൾ മരിച്ചപ്പോൾ വീട് വർഷങ്ങളോളം ആളൊഴിഞ്ഞു കിടക്കുകയും പിന്നീട് അതു നിലം പതിക്കയും ചെയ്തു. വളരെക്കാലം അതു ആളൊഴിഞ്ഞുതന്നെ കിടന്നു. ദമ്പതികൾ വിട്ടുപോയ – ഉപകരണങ്ങൾ, പാത്രങ്ങൾ, കിടക്കകൾ, മറ്റു സാധനങ്ങൾ അങ്ങനെ തന്നെ കിടന്നിരുന്നു. അതിലേ നടക്കുമ്പോൾ ഒരു മൂകമായ തോന്നലുണ്ടായിട്ടുണ്ട്. വളരെ നാൾ അങ്ങനെ കിടന്നതു കൊണ്ടു പൊടിയുടെയും, കേടുപാടുകളുടെയും സിമന്റിന്റെയും ഗന്ധവും ഉണ്ടായിരുന്നു. വർത്തമാനപത്രങ്ങളും മാസികകളും വീട്ടിൽ അങ്ങിങ്ങായി കിടന്നിരുന്നു, ആ ദമ്പതികൾ ജീവിച്ചിരുന്നപ്പോൾ ഉപയോഗിച്ചതാണ്. ആ വീട് ആൾപാർപ്പില്ലാതെ അങ്ങനെ തന്നെ കിട

ന്നതുകൊണ്ടാണ് എനിക്കാ തോന്നലുകൾ ഉണ്ടായത്. ആൾ പാർപ്പി ല്ലാത്ത വീട്, ജീവിതത്തിന്റെ സ്നേഹമോ, ശബ്ദമോ ഇല്ലാതെ കിട ക്കുന്നതു ദയനീയ കാഴ്ച്ചയാണ്. അതു ഭൂമിയുടെ ചരിവിൽ ബ്ലോക്കു കളായി കിടക്കും.

ആ പഴയ വീടു പോലെ, സഭയിൽ ആൾ വാസം ഇല്ലെങ്കിൽ അതു വിലയില്ലാത്തതായിത്തീരുന്നു. എങ്ങനെയായാലും, സത്യസഭ ജീവനും ഊർജവുമില്ലാത്ത പാരമ്പര്യമായ ഒന്നല്ല; അതു ആത്മാവു വസിക്കുന്ന ഒന്നാണ്! ലോകത്തിൽ ദൈവത്തിനു വസിക്കേണ്ട സ്ഥലമായിട്ടാണ് യേശു സഭ പണിതിരിക്കുന്നത്.

അന്യദേവന്മാരെ നമസ്ക്കരിക്കുന്നവർക്കു റോമാ സാമ്രാജ്യത്തിൽ അവരുടേതായ ക്ഷേത്രങ്ങൾ ഉണ്ടായിരുന്നു. എഫെസൊസിൽ ആസ്യാ ദേവതമാരായ ഡയാന, അല്ലെങ്കിൽ അർത്തെമിസിന്റെ ഓർനേറ്റ് ക്ഷേത്രം ഉണ്ടായിരുന്നു. യെഹൂദന്മാർക്കു യെശുശലേമിൽ ദൈവാല യവും റോമാലോകത്തിൽ മുഴുവൻ പള്ളികളും ഉണ്ടായിരുന്നു, അതിൽ മോശെയുടെ ന്യായപ്രമാണത്തിന്റെ കാലം കഴിഞ്ഞിട്ടും അവർ അതിനു വേണ്ടി പോരാടിക്കൊണ്ടിരുന്നു. ലോകത്തിലെ മന്ദിരങ്ങളിൽ വെച്ചു ഏറ്റവും സുന്ദരമായതു, എങ്ങനെയായാലും, ദൈവത്തിന്റെ മന്ദി രമാണ്. ആ മന്ദിരം കൈകൊണ്ടല്ല, ദൈവമാണ് നിർമ്മിച്ചത്; അതു തേജസും മഹത്വവും നിറഞ്ഞതും മനുഷ്യരുടെ മന്ദിരങ്ങളിൽ നിന്നു വ്യത്യസ്തവുമാണ്; ദൈവം അതിൽ വസിക്കയും ചെയ്യുന്നു. യേശു മൂലക്കല്ലായും, അപ്പൊസ്തലന്മാരും പ്രവാചകന്മാരും ദൈവിക അടി സ്ഥാനവുമായിരിക്കുന്നു. ദൈവം, വീണ്ടും ജനിച്ച ഓരോ ക്രിസ്ത്യാ നിയെയും മറ്റൊരു ജീവനുള്ള കല്ലായി യോജിപ്പിക്കുന്നു. എല്ലാ ജീവ നുള്ള കല്ലുകളും യോജിപ്പിക്കേണ്ടതിന്നു കരുണാസമ്പന്നനായ ദൈവം കെട്ടിടത്തിന്റെ ചുമരുകളോടു ജീവിക്കുന്ന കല്ലുകളായി വെക്കുന്നു. അവൻ ഓരോ ദിവസവും ഇന്ത്യാ, ആഫ്രിക്ക, ആസ്ട്രേലിയ, അമേരി ക്ക, ഉക്രൈൻ, റഷ്യ തുടങ്ങിയ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ക്രിസ്തുവിൽ പരിവർത്തനം ചെയ്യപ്പെട്ടവരെ ചേർത്തു പണിയുന്നു. പിന്നെ, ഈ ആത്മീയ, അദൃശ്യമായ, വളരുന്ന മന്ദിരത്തിൽ ദൈവം ആത്മാവിനാൽ വസിക്കുന്നു!

വലിയ വെല്ലുവിളിയോടെ ഈ സത്യം നമ്മുടെ ഹൃദയങ്ങളിലേക്കു വരണം. ലോകത്തിൽ നാമാണ് ദൈവത്തിന്റെ മന്ദിരം! നമുക്കു ജ്ഞാന ത്തോടെ, വിശുദ്ധിയോടെ, വിശ്വാസത്തോടും അനുസരണത്തോടും കൂടെ ജീവിക്കാം!

### ഉപസംഹാരം

ഒരു വലുതും മഹത്തുമായ സത്യം പൗലൊസ് എഫെസ്യർ 2:19–22 ൽ പ്രഖ്യാപിക്കുന്നു. സഭ ദൈവത്തിന്റെ മന്ദിരമാകുന്നു. അതൊരു കെട്ടിടമായി, അതു "മനുഷ്യരും" "ജീവിക്കുന്നവരും" "ആത്മാവു വസിക്കുന്നവരും" ആണ്.

ധനവാനായ ഒരു മനുഷ്യൻ വിദേശത്തേക്കു പോകുന്നതിനു മുൻപു ഒരു കെട്ടിടം പണിയുന്നതിനു ഒരു കോൺട്രാക്ടറെ ഏർപ്പാടു

ചെയ്ത സംഭവം പറയപ്പെടുന്നു. ആ ബംഗ്ലാവു പണിയുന്നതിനു വലിയൊരു സംഖ്യ കോൺട്രാക്ടറെ ഏല്പിച്ചിരുന്നു. നിർമ്മാണം അയാളുടെ പൂർണ്ണ ഉത്തരവാദിത്വത്തിലും ആയിരുന്നു. കോൺട്രാക്ടർ വില കൂടിയ സാധങ്ങൾക്കു പകരം, വിലകുറഞ്ഞവ ഉള്ളിൽ ഉപയോഗിച്ചു ഇഷ്ടികയും, പാനൽസും, സിമന്റും, എല്ലാം ചെയ്തു പുറമെ നല്ല പെയിന്റും അടിച്ചു. തറയും, അതുപോലെ വിലകുറഞ്ഞ സാധനങ്ങൾ ഉപയോഗിച്ചു മുകൾ ഭാഗം അതറിയാതെ മോഡി പിടിപ്പിച്ചിരുന്നു. പുറമെ നോക്കിയാൽ ഉടമസ്ഥന്റെ പദ്ധതിയനുസരിച്ചാണ് പണിതീർത്ത തെന്നു വരുത്തി തീർത്തു, മനുഷ്യ കണ്ണുകൾക്കു കാണാത്ത വില കുറഞ്ഞ ബീറ്റുകളും, പൈപ്പുകളും, ബോർഡുകളുമെല്ലാമാണ് ഉപയോഗിച്ചിരുന്നത്. എന്നാൽ ഉടമസ്ഥൻ വന്നു താക്കോൽ വാങ്ങി കോൺട്രാക്ടറോടു പറഞ്ഞു, “ഈ വീടു താങ്കൾക്കു സ്വന്തമായി എടുക്കാം!” എന്നു പറഞ്ഞപ്പോൾ അയാൾ മറ്റൊരാളെ വഞ്ചിക്കുമ്പോൾ, സ്വയം വഞ്ചിതനാവുകയാണ് എന്നു അയാൾ അറിഞ്ഞിരുന്നില്ല.

ഒരു വീടു *പണിയുവാൻ* നമ്മോടു പറഞ്ഞിട്ടില്ല - കെട്ടിടമായിത്തീരുവാനാണ് നമ്മോടു പറഞ്ഞിരിക്കുന്നത്! ഏതെങ്കിലും കെട്ടിടം ആകുവാനല്ല, ദൈവത്തിന്റെ കെട്ടിടം ആകുവാനാണ് പറഞ്ഞത്! നാം ക്രിസ്തുവിലാകുവാനും ദൈവത്തിന്റെ കെട്ടിടത്തിലെ ജീവനുള്ള കല്ലുകളായിത്തീരുവാനും ശ്രമിച്ചില്ലെങ്കിൽ, ദൈവം മനുഷ്യനു വാഗ്ദാനം ചെയ്ത വലിയ നേട്ടങ്ങൾ ലഭിക്കാതെ നാം വഞ്ചിതരായിത്തീരും. നാം ദൈവഭവനത്തിൽ പ്രവേശിക്കയും ദൈവ മന്ദിരമായി തുടർന്നു ജീവിക്കാതിരിക്കയും ചെയ്യുമ്പോൾ, ദൈവം രൂപ കല്പന ചെയ്ത ക്രിസ്തീയ ജീവിതത്തിനു പകരം വില കുറഞ്ഞതും, അപര്യാപ്തവുമായ ജീവിതം നയിച്ചാൽ, ഒരിക്കൽ കൂടെ നാം വഞ്ചിതരായി, ദൈവം വസിക്കുന്ന മന്ദിരമായി ജീവിക്കാതെ നമ്മെ കവർന്നു കളയുവാൻ അനുവദിക്കുകയാണ് ചെയ്യുന്നത്.

ദൈവം ആത്മാവിനാൽ ദൈവ വചനം മുഖാന്തരം ആണ് സഭ പണിതിരിക്കുന്നത്, അതുകൊണ്ട് നമുക്കു ശലോമോൻ ചെയ്തതു പോലെ നാം ഒരു ആലയം പണിയേണ്ടതില്ല. എങ്ങനെയായാലും, നമുക്കു സുവിശേഷം മുഖാന്തരം ദൈവത്തിനു കീഴ്പ്പെട്ടു നമുക്കു അവന്റെ കെട്ടിടമാകാം, അങ്ങനെ ദിവസവും “ജീവിക്കുന്ന കല്ലുകളായി” മൂലക്കല്ലായ ക്രിസ്തുവിനോടുകൂടെ നമ്മുടെ ജീവിതം *വളർത്തി എടുക്കാം!*

നിങ്ങൾ ദൈവത്തിന്റെ മന്ദിരത്തിൽ ഭാഗമായിട്ടുണ്ടോ?

### ചർച്ചയ്ക്കും പഠനത്തിനും ഉള്ള ചോദ്യങ്ങൾ

1. ശലോമോൻ പണിത ദൈവാലയത്തെ വിവരിക്കുക.
2. എഫെസ്യർ 2 ഉപയോഗിച്ചു ക്രിസ്ത്യാനിയും അ - ക്രൈസ്ത്രവനും തമ്മിലുള്ള വ്യത്യാസം ചർച്ച ചെയ്യുക.
3. സഭയുടെ ഐക്യതയ്ക്കു എഫെസ്യർ 2:20, 21 ൽ പൗലൊസ് പറഞ്ഞ മൂന്നു ചിത്രീകരണങ്ങൾ ഏവ?

4. ദൈവത്തിന്റെ ഇന്നത്തെ മന്ദിരം “മനുഷ്യ” മന്ദിരം ആകുന്നതെങ്ങനെ എന്നു വിരിക്കുക.
5. “ജീവനുളള കല്ലുകൾ” എന്നതു ഏതു രീതിയിലാണ് സഭകളെ അല്ലെങ്കിൽ വ്യക്തികളായ ക്രിസ്ത്യാനികളെ - സൂചിപ്പിക്കുന്നത്?
6. ഭൗതിക സഭാ മന്ദിരത്തെക്കുറിച്ചു പുതിയ നിയമത്തിൽ എത്രത്തോളം പറയുന്നുണ്ട്?
7. ദൈവത്തെ ആരാധിക്കുന്നതിലും സേവിക്കുന്നതിലും സഭാ കെട്ടിട സ്ഥാനത്തിനുളള പ്രാധാന്യം വിവരിക്കുക.
8. സഭ എങ്ങനെ “ജീവനുളള” മന്ദിരമാകുന്നു?
9. സഭയ്ക്കു അടിസ്ഥാനവും ചുമരുകളും ഉണ്ട് എന്നാൽ മേൽക്കൂരയില്ല താനും, വിവരിക്കുക.
10. സഭ വളരാൻ കഴിയുന്നതു ഏതെല്ലാം വിധത്തിലാണ്?
11. “ആത്മാവിനാൽ വസിക്കുന്ന” എന്ന പ്രയോഗം വിശദമാക്കുക.
12. സഭയിലെ അന്യദേവന്മാരുടെ ക്ഷേത്രമായും, ദൈവം വരുത്തുന്ന മാറ്റമായും താരതമ്യം ചെയ്യുക.
13. കെട്ടിടമായിത്തീരുന്നതും കെട്ടിടം പണിയുവാനുളള അജ്ഞതയും തമ്മിലുളള വ്യത്യാസം ചർച്ച ചെയ്യുക.

---

കുറിപ്പുകൾ

[1]വേല ചെയ്യുവാൻ തിരഞ്ഞെടുത്തതു മുപ്പതിനായിരമാണെങ്കിലും, ഓരോ മാസവും ഉപയോഗിച്ചിരിക്കുന്നതു, മൂന്നു മാസത്തിൽ ഒരു മാസം തിരഞ്ഞെടുക്കപ്പെട്ടവർ സേവ ചെയ്തു (1 രാജാക്കന്മാർ 5:13). [2]രണ്ടു ദിനവൃത്താന്തം 2:18 തരുന്ന കനാന്യ ഉദ്യോഗസ്ഥരുടെ സംഖ്യ 3,600 ആയിരുന്നു. രണ്ടു ദിനവൃത്താന്തം 8:10 തരുന്ന ഇസ്രായേൽ ഓഫീസർമാരുടെ സംഖ്യ 250 ആയിരുന്നു. ഇങ്ങനെ മൊത്തം മേൽനോട്ടം വഹിക്കുന്നവരുടെ എണ്ണം 3,850 ആയിരുന്നു. ഒന്നു രാജാക്കന്മാർ 5:16 തരുന്ന കീഴുദ്യോഗസ്ഥരുടെ സംഖ്യ 3,300 ആയിരുന്നു, എന്നാൽ 1 രാജാക്കന്മാർ 9:23 തരുന്ന ഉയർന്ന ഉദ്യോഗസ്ഥരുടെ സംഖ്യ 550. ഇങ്ങനെ മൊത്തം മേൽനോട്ടം വഹിക്കുന്നവരുടെ എണ്ണം 3,850. അതുകൊണ്ടു 2 ദിനവൃത്താന്തം 1 രാജാക്കന്മാരും മേൽനോട്ട ഉദ്യോഗസ്ഥരുടെ സംഖ്യ നല്കുന്നതു യോജിച്ചിരിക്കുന്നു, എന്നാൽ മേലുദ്യോഗസ്ഥന്മാരെ അവർ വ്യത്യസ്ത കാഴ്ച്ചപ്പാടിലൂടെയാണ് കാണുന്നത്. [3]എഫ്. എഫ്. ബ്രൂസ്, *ദ എപ്പിസിൽ ടു ദ എഫെഷ്യൻസ്* (ഓൾഡ് ടപ്പാൻ. എൻ. ജെ. പ്ലെ. മിയ് എച്ച് പെവെൽ കമ്പനി., 1961), 58.

© 2009 Truth for Today